(സി) പ്രസ്തുത വായ്പ പണമായി നൽകുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ അതിനാധാരമായ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സാധനങ്ങൾ വാങ്ങുന്നതിനായി പലിശരഹിത വായ്പ നൽകുന്നതിന് സംഘങ്ങൾക്ക് അധികാരമുണ്ടോ; ഇല്ലെങ്കിൽ സാധനങ്ങൾ വാങ്ങുന്നതിനായി പലിശ രഹിത വായ്പ അനുവദിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ, സ്റ്റാഫ് സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് അതിലെ അംഗങ്ങൾക്ക് പലിശരഹിത വായ്പ നൽകുവാൻ വ്യവസ്ഥയില്ല.

(ബി ആന്റ് സി) (എ) യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഈ ചോദ്യങ്ങൾക്ക് പ്രസക്തിയില്ല.

(ഡി) ബാധകമല്ല.

കാർഷിക കടാശ്വാസം കർഷകർക്ക് നൽകാത്ത സഹകരണ സംഘങ്ങൾ

98 [536] ശ്രീ. വി. ഡി. സതീശൻ:
,, എഴുകോൺ നാരായണൻ:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, എ. സുജനപാൽ:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസത്തിന് നീക്കി വച്ച തുക സഹകരണ സംഘങ്ങൾ വാങ്ങി കർഷകർക്ക് ആശ്വാസം ലഭ്യമാക്കാതിരുന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര സഹകരണ സംഘങ്ങൾ പ്രസ്തുത തുക വാങ്ങാതെയും കർഷകർക്ക് ആശ്വാസം നൽകാതേയുമിരുന്നിട്ടുണ്ട്;

(സി) പ്രസ്തുത തുക വാങ്ങിയെങ്കിലും കർഷകർക്ക് ആശ്വാസം നൽകാതെയിരുന്ന സംഘങ്ങളുണ്ടോ; എങ്കിൽ എത്രയെണ്ണമുണ്ട്;

(ഡി) തുക വാങ്ങാതെയും കർഷകർക്ക് ആശ്വാസം എത്തിക്കാതെയുമിരുന്ന സഹകരണ സംഘങ്ങളുടെ ഭരണം നടത്തുന്നത് ഏതെല്ലാം രാഷ്ട്രീയ കക്ഷികളിൽപ്പെടുന്നവരാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ തുക വാങ്ങി കർഷകർക്ക് ആനുകൂല്യം നൽകാത്ത സഹകരണ സംഘങ്ങളുടെ മേൽ എന്തു നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. കേരള കാർഷിക കടാശ്വാസ ആക്റ്റ് 2001 പ്രകാരം സഹകരണ സംഘങ്ങൾക്ക് സംഭവിച്ചിട്ടുള്ള പലിശ നഷ്ടം നികത്തുന്നതിന് വേണ്ടി സഹകരണ സംഘങ്ങൾ സമർപ്പിച്ചിരുന്ന അപേക്ഷ യഥാവിധി പരിശോധന നടത്തി സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 19-3-2003-ലെ ജി.ഒ. (ആർ.റ്റി.) 705/2003/ ആർ.ഡി. പ്രകാരം 13,99,02,000 രൂപ സർക്കാർ അനുവദിക്കുകയും ടി തുക ട്രഷറിയിൽ നിന്നും മാറി സംസ്ഥാന സഹകരണ ബാങ്കിന്റെ ടി. പി. അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയുമാണ്. പ്രസ്തുത തുക വിതരണം ചെയ്യുന്നതിന് അതാത് ജില്ലകളിലെ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ 1-12-2003-ൽ ജി.ഒ.(സാധാ.) നമ്പർ 696/03/സഹ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന് ആസ്പദമായി ട്രഷറിയിൽ നിന്നും തുക പിൻവലിക്കുന്നതിനു വേണ്ടിയുള്ള അനുമതിക്കായി സർക്കാരിന്റെ ധനകാര്യ വകുപ്പിലേക്ക് 16-12-2003-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ട്രഷറിയിൽ നിന്നും തുക പിൻവലിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണ്.

സർക്കാർ അനുവദിച്ച 13,99,02,000 രൂപയ്ക്ക് പുറമെ 6,70,59,086 രൂപ കൂടി ആവശ്യമാണെന്ന് ജോയിന്റ് രജിസ്ട്രാർമാർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് അനുവദിക്കുന്നതിനു വേണ്ട അപേക്ഷ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി ആന്റ് സി) ബാധകമല്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) പരിശോധിച്ചു നടപടി സ്വീകരിക്കുന്നതാണ്.

സഹകരണ വായ്പാ സംഘങ്ങളിലെ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

99 [537] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ വായ്പാ സംഘങ്ങളിലെ കുടിശ്ശികക്കാർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം സംഘങ്ങൾ അനുവദിച്ച ആനുകൂല്യങ്ങൾക്ക് ഏകീകൃത സ്വഭാവം ഉണ്ടായിരുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly